# പ്രസന്നകേരളം

# കുട്ടികളുടെ കർമ്മസ്വാതന്ത്ര്യം

അക്കമ്മ ചെറിയാൻ

ജീവിതത്തിന്റെ വികാസം അഥവാ സംസ്കാരമാണ് വിദ്യാഭ്യാസം കൊണ്ടു സാധിക്കുന്നതെങ്കിൽ അതു് വ്യക്തിപരമായിരിക്കാനേ പാടുള്ളൂ. അതുകൊണ്ടു് ഡോ. മോണ്ടിസ്സോറിയുടെ ഭാവനയിൽ കാര്യക്ഷമമായ വിദ്യാഭ്യാസം വ്യക്തിപരമായിട്ടുള്ള ഒന്നാണ്. സാധാരണ പള്ളിക്കൂടങ്ങളിൽ കുട്ടികൾ പല കാര്യങ്ങൾ പഠിക്കുന്നുണ്ടു്. പല വസ്തുക്കൾ അവരുടെ പാഠ്യവിഷയമാകുന്നു. എന്നാൽ മോണ്ടിസ്സോറിയുടെ വിദ്യാലയത്തിലെ ശിശുക്കൾ പഠിക്കുന്ന വസ്തുക്കൾ അവരുടെ മാനസിക മാംസത്തിന്റെയും രക്തത്തിന്റെയും അംശമായിത്തീരുന്നു. ആഹാര സാധനങ്ങൾ ഏതു വിധത്തിൽ ശരീരത്തിൽ വിലയിക്കുന്നുവോ അതേ പ്രകാരം കുട്ടികൾ പഠിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന സാധനങ്ങൾ അവരുടെ മാനസിക ശരീരത്തിൽ വിലയിക്കുന്നു. ഒരു ശിശുവിന്റെ മാനസിക വളർച്ചയ്ക്കു—വികാസത്തിനു്—പര്യാപ്തമായ ഉപാധി വിദ്യാലയത്തിൽ നൽകപ്പെടുന്ന അനുഭവ പരിചയങ്ങളാണ്. പ്രയോഗജ്ഞാനമാണ് കുട്ടികളുടെ വളർച്ചയ്ക്കു് ഏററവും സഹായിക്കുന്നതു്. ആ വിധത്തിലുള്ള അഭ്യസനരീതി കൊണ്ടു് കുട്ടികളുടെ ധാരണയ്ക്കു വിഷയമാകുന്ന കാര്യങ്ങൾ വിട്ടുപോകാതെ മനസ്സിൽ ഉറപ്പിക്കാൻ കഴിയും. അതു അവർക്കു ഒരു ഭാരമായിരിക്കുകയുമില്ല. വളരെ സന്തോഷത്തോടുകൂടെ കാര്യങ്ങൾ ഗ്രഹിക്കുകയും അതു മനസ്സിലുറപ്പിക്കുകയും ചെയ്യും. മാനസികമായോ കായികമായോ ഉള്ള അഭ്യസനം എപ്പോഴും വ്യക്തിപരമായിരിക്കണം, എന്തുകൊണ്ടെന്നാൽ വളർച്ച എന്നുള്ളതു് വ്യക്തിപരമാണല്ലോ. വ്യക്തിപരമായ അദ്ധ്യാപനത്തിന്റെ ശരിയായ ഒരാശയം അദ്ധ്യാപകനു ഉണ്ടായിരിക്കേണ്ടതു് അത്യന്താവശ്യമാണ്. പ്രത്യേകിച്ചു് ഒരു ശിശുവിനെ പഠിപ്പിക്കാനാരംഭിക്കുന്ന വിധത്തെ പററി അദ്ധ്യാപകനോ അദ്ധ്യാപികയോ ശരിയായി അറിഞ്ഞിരിക്കണം. ഒരു കുട്ടിയെ തനിച്ചു് അഭ്യസിപ്പിക്കാൻ ഭാവിക്കുമ്പോൾ, അതായതു് വ്യക്തിപരമായ വിദ്യാഭ്യാസം ആരംഭിക്കുമ്പോൾ പ്രവർത്തനസ്വാതന്ത്ര്യം ആ കുട്ടിക്കു് അനുവദിച്ചു കൊടുക്കണം. എന്തും ഏതും ചെയ്യാൻ സമ്മതിക്കുക. കുട്ടികൾ പ്രകൃത്യാ പ്രസരിപ്പുള്ളവരായി കാണപ്പെടും. അതും ഇതും ചെയ്തുകൊണ്ടിരിക്കാൻ അവർ ആഗ്രഹിക്കും. ഒരിക്കലും അടങ്ങിയിരിക്കാൻ അവർ ഇഷ്ടപ്പെടുകയില്ല. അങ്ങനെയുള്ള കുട്ടികളെ അദ്ധ്യാപകന്റെ കർക്കശമായ ചട്ടക്കൂട്ടിൽ ഇട്ടടച്ചു് കർമ്മസ്വാതന്ത്ര്യശൂന്യരാക്കി വല്ലതും ചൊല്ലിക്കൊടുത്തു പഠിപ്പിക്കുന്ന സമ്പ്രദായം കുട്ടികളുടെ മാനസികമോ ശാരീരികമോ ആയ വളർച്ചക്കു് അശേഷം പര്യാപ്തമല്ല. കുട്ടിയുടെ വ്യക്തിപരമായ വളർച്ചക്കു് പരിപൂർണ്ണ പ്രവർത്തനസ്വാതന്ത്ര്യം അവർക്കു നൽകണമെന്നുള്ളതാണ് പ്രഥമവും പ്രധാനവുമായി ഒരദ്ധ്യാപകൻ ധരിക്കേണ്ട കാര്യം. കർമ്മസ്വാതന്ത്ര്യം എന്നു പറയുമ്പോൾ നമ്മൾ ഇഷ്ടപ്പെടുന്നതു ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം എന്നാണ് സാധാരണ ധരിക്കാറുള്ളതു്. അതൊരർത്ഥത്തിൽ ശരിതന്നെ. പക്ഷെ ഒരു വശം മാത്രമേ ആകുന്നുള്ളൂ. സാധാരണ മനുഷ്യർക്കു് അനുവദിച്ചുകൊടുക്കാവുന്ന എല്ലാ സ്വാതന്ത്ര്യങ്ങളും അവർക്കു നൽകിയെന്നിരുന്നാൽ അനുഭവത്തിലവർ സാധാരണന്മാരല്ലെന്നു നമുക്കു ബോദ്ധ്യമാകും. അവരുടെ ജീവിതവൃത്തികളോരോന്നും അവരെ ഭരണം ചെയ്യുന്നതാണ്. ഓരോ പ്രവർത്തനവും കുട്ടികളുടെ ജീവിതസംവിധാനത്തിനു് പ്രേരണ നൽകുകയായിരിക്കും. കുട്ടികൾ ചെയ്യുന്ന പ്രവൃത്തികളുടെ പ്രത്യാഘാതങ്ങൾ അഥവാ പ്രതികരണങ്ങൾ അവരുടെ ജീവിതത്തിൽ അവരറിയാതെ അലയടിച്ചുകൊണ്ടിരിക്കും. അങ്ങനെയുള്ള പ്രത്യാഘാതങ്ങൾ കുട്ടികളുടെ അറിവോടുകൂടെയല്ല സംഭവിക്കുന്നതു്. പക്ഷെ അതു സ്വഭാവ വൈവിദ്ധ്യങ്ങൾക്കു് വഴി തെളിക്കുന്നതായിത്തീരുന്നു. ചിലപ്പോൾ രോഗം ഉണ്ടായി എന്നുവരാം. ചിലകുട്ടികൾക്കുണ്ടാകാറുള്ള പനി' രാത്രിയിൽ ഉറക്കത്തിൽ എഴുന്നേററു നടക്കുക. സംസാരിക്കുക, ഇവയെല്ലാം മനഃശാസ്ത്രപരമായി അപഗ്രഥിച്ചു നോക്കിയാൽ മൂലകാരണം അവർ ചെയ്യുന്ന പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങളാണെന്നു ഗ്രഹിക്കാവുന്നതാണ്.

സാധാരണ കഴിവുകളുള്ള കുട്ടികൾക്കു് കർമ്മസ്വാതന്ത്ര്യമനുവദിച്ചുകൊടുത്താൽ കാലാന്തരത്തിൽ അവർ കർമ്മകുശലരായിത്തീരുന്നതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല. കുട്ടികളെ വിവിധങ്ങളായ പ്രവർത്തനോദ്ദേശപന്ഥാവിൽ നയിക്കുകയും അങ്ങനെയാണു പ്രവർത്തിക്കേണ്ടതെന്നു അവർ പഠിക്കുകയും ചെയ്തതിന്റെ ശേഷം മാത്രമേ അവർക്കു പ്രവർത്തനസ്വാതന്ത്ര്യമുണ്ടായിരിക്കാൻ പാടുള്ളൂ. ഇതിൽ നിന്നു ഒരു കാര്യം നമുക്കു മനസ്സിലാക്കേണ്ടതായിട്ടുണ്ടു്. മോണ്ടിസ്സോറിവിദ്യാലയം ആരംഭിക്കുമ്പോൾ അദ്ധ്യാപിക കുട്ടികൾക്കു യാതൊരുനിർദ്ദേശവും കൊടുക്കാതെ പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുകയും കുട്ടികൾ അവർക്കു ബോധിച്ചതു ചെയ്തുകൊള്ളട്ടെ എന്നുവച്ചു അനങ്ങാതിരിക്കുകയും ഈശ്വരന്റെ വെളിപ്പാടായ സൗന്ദര്യവും നന്മയും കുട്ടികളിൽ നിന്നു് അവരുടെ പ്രവൃത്തങ്ങളിലൂടെ സ്വയം പ്രകടമാകട്ടെ എന്നു കരുതി ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യുക എന്നുള്ളതല്ല ആശാസ്യമായിട്ടുള്ളതു്. ധാർമ്മികമായ വളർച്ചക്കും ബുദ്ധിപരമായ വികാസത്തിനും കുട്ടികളെ നാം സഹായിക്കേണ്ടതാണ്

എല്ലാ കുട്ടികൾക്കും സ്വതസിദ്ധമായി അനേകം വാസനാവിശേഷങ്ങൾ അഥവാ പ്രേരണാശക്തികളുണ്ടായിരിക്കും. ഇവ കുട്ടികളിൽ സ്വയം പ്രകടമാകുന്നു. എന്നാൽ അവരുടെ വാസനാവൈചിത്ര്യങ്ങളെ ശരിയായി നയിച്ചില്ലെങ്കിൽ അവരുടെ വളർച്ചയ്ക്കു് അതു സാരതരമായ കേടുചെയ്തുവെന്നുവരാം. അതിനാൽ അദ്ധ്യാപകർ കുട്ടികൾക്കു കർമ്മസ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുന്നതോടൊപ്പം അവരുടെ സ്വാഭാവികപ്രേരണകളെ സൽപന്ഥാസഞ്ചാരം ചെയ്യിക്കുന്നതിനു പ്രത്യേകം കരുതൽ ചെയ്യേണ്ടതാണ്.

സ്വാർത്ഥത സ്വയംകരുതൽ സ്വയംരക്ഷണം ഇവയെല്ലാം പ്രാകൃതിക പ്രേരണകൾക്കുദാഹരണങ്ങളാണ്. ചില കുട്ടികൾ പിടിച്ചുപറിക്കുന്ന സ്വഭാവത്തോടുകൂടി കാണപ്പെട്ടു എന്നുവരാം. ഈ വക സ്വഭാവപ്രേരണകൾ മനുഷ്യന്റെ മൃഗീയമായ വശമാണ്. മൃഗീയതത്വത്തിൽ നിന്നു മനുഷ്യതത്വത്തിലേക്കു പ്രസ്തുത പ്രേരണകളെ വഴിതിരിക്കുക എന്നുള്ളതാണ് അദ്ധ്യാപകരുടെ കർത്തവ്യം. യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ സാദ്ധ്യതയും അതുതന്നെ. മൃഗീയമായ പ്രകൃതിക പ്രേരണകളെ ഉദ്ധരിച്ചു് ശരിയായ മനുഷ്യതത്വത്തിലെത്തിക്കുന്നതാണ് സംസ്ക്കാരം എന്നു പറയപ്പെടുന്നതു്. എന്നാൽ സ്വാഭാവിക പ്രേരണകളെ വഴിതിരിക്കുന്ന വിഷയത്തിൽ പലപ്പോഴും അദ്ധ്യാപകർ അസമർത്ഥരായിട്ടാണ് കാണപ്പെടാറുള്ളതു്. മനഃശാസ്ത്രപരമായ ഈ തത്വത്തിന്റെ പരമപ്രാധാന്യം മനസ്സിലാക്കാതെ കുട്ടികളുടെ പ്രാകൃതിക പ്രേരണാവിശേഷങ്ങളെ അടിച്ചമർത്തി അവയെ ശക്തിവിഹീനങ്ങളാക്കി—നിർജ്ജീവങ്ങളാക്കി—വയ്ക്കുവാൻ അദ്ധ്യാപകർ ശ്രമിക്കും. അതു തെററാണ്. തിളച്ചുകൊണ്ടിരിക്കുന്ന ഒരു കലത്തിന്റെ വായ് മൂടിക്കെട്ടുകയോ അടപ്പുകൊണ്ടു മൂടി ഭദ്രമായി വയ്ക്കുകയോ ചെയ്താൽ കുറച്ചു കഴിയു

## വിഷയവിവരം

1 കുട്ടികളുടെ കർമ്മസ്വാതന്ത്ര്യം
-അക്കമ്മ ചെറിയാൻ.
2 ബാബാഗുരുമുഖസിങ്ങ ജീവചരിത്രം
-തിരുവാർപ്പ ബാലൻ.
3 പിതാവിന്റെ സ്വത്തു്
വെട്ടൂർ എസ്സ്. രാമൻനായർ.
4 തൊഴിലാളി ലോകം
5 സാഹിത്യത്തിലെപുതുമ
-പി. എ. പരമേശ്വരൻ നായർ.
6 ടാഗോറിന്റെ നോവൽ —സിനിമ—
എസ്സ്. ജി. എൻ.
7 ശോകാത്മകമായഗാനം
പി. എ. മുഹമ്മദുകോയ.
8 ഐവാൻ നിക്കുലിൻ
( നോവൽ പംക്തി )

**പ്രസന്നകേരളം.**
പുസ്തകം 18 ലക്കം 6
9—6—46.
വില 2 അണ.

പി. എ. പരമേശ്വരൻനായർ

# സാഹിത്യത്തിലെ പുതുമ

പരിണാമസ്വഭാവത്തോടുകൂടിയതാണു കാലം. ചലനാത്മകമായ ലോകത്തിൽ പരിണാമങ്ങളും പരിവർത്തനങ്ങളും വരുത്തിക്കൂട്ടുന്നതു കാലമാണ്. കാലചക്രഭ്രമണത്തിന്റെ ഗതിവിഗതികൾ സസൂക്ഷ്മം നോക്കി പഠിച്ചിട്ടുള്ള മനീഷികൾ ഭാവി ലോകത്തെപ്പററി പല നിഗമനങ്ങളും ഉന്നയിച്ചിട്ടുണ്ട്. സ്വാമി വിവേകാനന്ദൻ, ഭാരതത്തിലെ ചാതുർവർണ്ണ്യത്തെപ്പററി നൽകുന്ന വ്യാഖ്യാനം ശ്രദ്ധേയമാണ്. ബ്രാഹ്മണാധിപത്യത്തിൽ ആരംഭിച്ച ലോക സംസ്ക്കാരം ക്ഷത്രിയ വൈശ്യാധിപത്യത്തെ പിന്നിട്ടു ശൂദ്രാധിപത്യത്തിൽ എത്തിച്ചേരുമെന്നാണ് അദ്ദേഹം പറഞ്ഞതു്. ശൂദ്രാധിപത്യമെന്നു പറഞ്ഞാൽ തൊഴിലാളികളുടെ ആധിപത്യമെന്ന് അദ്ദേഹം സസൂക്ഷ്മം അർത്ഥനിർവ്വചനവും നല്കുന്നുണ്ട്. അന്തർരാഷ്ട്രീയ വികാസത്തെ കാര്യകാരണബന്ധത്തോടുകൂടി ചിന്തിക്കുന്നവർക്കു സ്വാമി വിവേകാനന്ദന്റെ നിഗമനം വിവേകത്തിന്റെ ഭാസുരച്ഛായയിൽ വിശ്രമം കൊള്ളുന്നതു് കാണുവാൻ വിഷമമില്ല.

18-ാം ശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിൽ ആവിർഭവിച്ച ഭൌതികാസക്തി ഫ്രാൻസിൽ കടന്നു അവിടെ ഉണ്ടാക്കിത്തീർത്ത വിപ്ലവാസക്തി, ഒരു വിപ്ലവം കൊണ്ടു ഫ്രാൻസിനു വലിയ നേട്ടങ്ങളൊന്നും സമ്പാദിച്ചു കൊടുത്തില്ലെങ്കിലും വിശ്വസാഹിത്യത്തിനു അതുല്യമായ പല സംഭാവനകളും കാഴ്ച വയ്ക്കുന്നതിനു ഫ്രാൻസിനെ സഹായിച്ചു. പ്രസിദ്ധ ചിന്തകന്മാരുടെ ജന്മഭൂവായ ജർമ്മനി രസതന്ത്രത്തിൽ നേടിയ പ്രാവീണ്യം പോലെ തന്നെ, ദർശന സംഹിതകളിലും സാമുദായിക ശാസ്ത്രത്തിലും പ്രാമാണികത്വം സ്ഥാപിച്ച പല ചിന്തകന്മാരും ജന്മഭൂവായി. സാമൂഹ്യശാസ്ത്രത്തിൽ വിപ്ലവം വരുത്തിയ കാറൽ മാർക്ക്സിന്റെ ജീവിതവും ചിന്തകളും ജർമ്മനിയിൽ യാതൊരു സ്വാധീനശക്തിയും ചെലുത്തിയില്ലെങ്കിലും, റഷ്യയിൽ ഒരു പുതിയ സമുദായക്രമവും, സംസ്കാരവും, ചരിത്രവും സൃഷ്ടിച്ചുകൊടുത്തു. അത്യുഗ്രമായ മർദ്ദനശക്തിയും, മൃഗീയമായ നയങ്ങളും കൂടി ആസുരഭരണം നടത്തിയിരുന്ന റഷ്യയിൽ, വാത്മീകിയോ, വ്യാസനോ, കാളിദാസനോ, പാണിനിയോ, ഉണ്ടായില്ലെങ്കിലും ഒരു പുഷ്കിനും, ഒരു ടോൾസ്റ്റോയിയും, ഒരു ടർജീനിവും, ഒരു മാക്സിം ഗോർക്കിയും അതിനു ശേഷം അനേകം ജനകീയ സാഹിത്യനേതാക്കളും അവിടെ ജനിച്ചു. റഷ്യൻ സാഹിത്യത്തെ മാത്രമല്ല, വിശ്വസാഹിത്യത്തെത്തന്നെ പരിപോഷിപ്പിച്ചു. പദ്യസാഹിത്യത്തിലും ഇതിനകം വന്നുചേർന്ന പരിവർത്തനങ്ങൾ ശ്രദ്ധാർഹങ്ങളാണ്. ഇംഗ്ലണ്ടു പദ്യസാഹിത്യത്തിൽ പ്രാവീണ്യം നേടിയപ്പോൾ ജർമ്മനി സംഗീതം കൊണ്ടു ലോകശ്രദ്ധയെ ആകർഷിച്ചു. ഫ്രാൻസ് വീണ്ടും ചരിത്ര കലയ്ക്കു നേതൃത്വം നൽകി. പഴമയുടെ കാഴ്ച ബംഗ്ലാവെന്ന കുപ്രസിദ്ധി സമ്പാദിച്ച ഇററലി പോലും ഫ്യൂച്ചറിസമെന്ന പ്രസ്ഥാന വിശേഷം വിശ്വസാഹിത്യത്തിനു കാഴ്ചവച്ചു. വിശ്വസാഹിത്യത്തിലെ നാടക പ്രസ്ഥാനത്തിനു വളരെക്കാലത്തേയ്ക്കു നേതൃത്വം നൽകുവാൻ ഷേക്സ്പീയർക്കു കഴിഞ്ഞെങ്കിലും ഇബ്സൻ ഇതിവൃത്തത്തിലും സാങ്കേതിക മാർഗ്ഗത്തിലും വിപ്ലവം വരുത്തിവച്ചു. ലൂയിജിപിരാൻഡലോ, ചെക്കോവ്, ഗാത്സ്വർത്തി, ഹാപ്ട്മാൻ, ബർണാർഡ്ഷാ എന്നിങ്ങനെയുള്ള നാടകകൃത്തുകൾ വിശ്വസാഹിത്യത്തിൽ വരുത്തിവച്ച പരിവർത്തനങ്ങൾ അത്ഭുതകരങ്ങളാണ്. വിശ്വസാഹിത്യത്തിലെ ചെറുകഥാ സാമ്രാജ്യം അതിവിപുലമാണ്. ചെറുകഥാ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ഫ്രാൻസിൽ നിന്നും വീശിയ കാററു റഷ്യയിൽ കൂടി കടന്നു അമേരിക്കയിലോളം എത്തി നിൽക്കുകയാണ്. ചെറുകഥാ സാഹിത്യത്തിൽ അസൂയാർഹമായ വിജയം സമ്പാദിച്ച ടാഗോർ സാങ്കേതികരീതിയെ സംബന്ധിച്ചിടത്തോളം ആന്റൺ ചെക്കോവിനെ അനുകരിക്കുകയാണ് ചെയ്തതെന്നു പറഞ്ഞാൽ നമ്മുടെ സാഹിത്യ വിശാരദന്മാരിൽ പലരും അതു ചിത്തശല്യമുളവാക്കിയേക്കും. തന്റെ മനോഹര ഗ്രന്ഥങ്ങൾവഴി വിശ്വസാഹിത്യത്തിൽ പ്രതിഷ്ഠ സമ്പാദിച്ച മുൽക്ക്രാജ് ആനന്ദ് വിശ്വസാഹിത്യത്തിൽ നിന്നും വെളിച്ചം കൊളുത്തി വികസിച്ച ഒരു ഭാരതീയനാണ്. അതുപോലെ തന്നെ രവീന്ദ്രനാഥടാഗോർ, ഇക്ബാൽ, എന്നീ പുണ്യശ്ലോകന്മാരെ സ്വാഗതം ചൊല്ലി ആദരിക്കുവാൻ വിശ്വസാഹിത്യം മടിച്ചില്ല. മനോഹരമായ ഓരോ ആത്മകഥകൾ കൊണ്ടു ഇംഗ്ലീഷു സാഹിത്യത്തെ അനുഗ്രഹിച്ച ജവഹർലാലും സഹോദരികൃഷ്ണയും വിശ്വസാഹിത്യത്തെ വിസ്മരിച്ചവരല്ല. ചിന്തകൾക്കും ഭാവനയ്ക്കും വിലങ്ങു വയ്ക്കാൻ! മുതിരുന്നവർ സാംസ്ക്കാരികമായി അന്ധകാര യുഗത്തിന്റെ പ്രാതിനിദ്ധ്യമാണ് വഹിക്കുന്നതു്.

ഭാഷാസാഹിത്യം, പാരാവാര സദൃശമായ വിശ്വസാഹിത്യത്തിലെ ഒരു ബിന്ദുമാത്രമാണ്. വിശ്വസാഹിത്യത്തിൽ ഉണ്ടാകുന്ന ചലനങ്ങൾ ഭാഷാസാഹിത്യത്തിലും സ്വാധീനശക്തി ചെലുത്തുന്നതിൽ അത്ഭുതമില്ല ഒരു കാര്യം നമുക്കിവിടെ തുറന്നു സമ്മതിക്കാം. തമിഴിന്റെ ആധിപത്യത്തിൽ നിന്നു വിമോചിപ്പിക്കപ്പെട്ട ഭാഷാസാഹിത്യം സംസ്കൃതത്തിന്റെ ചട്ടക്കൂട്ടിൽ അടിഞ്ഞൊതുങ്ങുകയാണ് ചെയ്തതു്. എഴുത്തച്ഛൻ മുതൽ കെ. സി. കേശവപിള്ള വരെയുള്ള നമ്മുടെ കവികൾ പ്രാക്പ്രതിഷ്ഠിതങ്ങളായ രീതി വിശേഷത്തിൽ നിന്നു കൊണ്ടു കടംമേടിച്ച ഇതിവൃത്തങ്ങളിൽ ഭാവത്തിൽ സ്പർശിക്കാതെ രൂപനിർമ്മിതി സാധിക്കുകയല്ലേ ചെയ്തതു്. "സദ്വർണ്ണാഞ്ചിത ശയ്യ ചേർന്നു അഴകെഴും ഭാവപ്രഭാവത്തോടും, മൃദുശാനഗുണപ്രയുക്ത വിവിധാലങ്കാരസമ്പത്തോടും," അക്ലിഷ്ടമായ പ്രസാദദീക്ഷയോടും കൂടിയ കാളിദാസകവിതയെ ഭാവത്തിൽ സ്പർശിക്കാത്തവിധം അനുകരിച്ച കവികളോടു പ്രൊഫസർ എ. ആർ. രാജരാജവർമ്മ കല്യാണത്തിന്റെ ധിറുതിയിൽ താലികെട്ടാൻ മറന്നുപോകരുതെന്നു ഉപദേശിച്ചു. സാഹിത്യചരിത്രം പഠിക്കുന്ന ഒരു വിദ്യാർത്ഥി അന്നത്തെ ആ വാദപ്രതിവാദത്തെ ദ്വിതീയാക്ഷരപ്രാസവാദമെന്ന അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടതു്? രൂപപ്പൊലിമയിൽ വിസ്മൃതമായിപ്പോയ ഭാവപ്രഭാവത്തെപ്പററി അനുശോചിക്കുക!

പഴമയുടെ ആ അന്തരം ഈ കാലഘട്ടത്തിൽ തെളിഞ്ഞു പ്രകാശിച്ച ചില വെള്ളിവരകളെ നാം വിസ്മരിക്കണമെന്നില്ല. ഇംഗ്ലീഷ് സാഹിത്യത്തിന്റെ സ്വാധീന ശക്തിയുടെ ഫലമായി ചന്തുമേനവൻ 1064-ൽ "ഇന്ദുലേഖ"യും 1066-ൽ "ശാരദ"യും പ്രസിദ്ധീകരിച്ചു. നായർസമുദായത്തിൽ നിലവിലിരുന്നിരുന്ന അധഃപതിച്ച മരുമക്കത്തായത്തെ ആക്ഷേപിക്കാനും മക്കത്തായമെന്ന ആശയം നായന്മാരുടെ ചിന്താമുകുരത്തിൽ പ്രതിഷ്ഠിക്കുവാനും വേണ്ടിയാണ് ചന്തുമേനോൻ ഇന്ദുലേഖ രചിച്ചതു്. ശാരദ കുറെക്കൂടി മുമ്പോട്ടുകടന്നു, മക്കത്തായമെന്ന ആശയം നായർസമുദായമദ്ധ്യത്തിൽ ഉളവാക്കാവുന്ന ആഘാതപ്രത്യാഘാതങ്ങളെ ചിത്രീകരിക്കുവാൻവേണ്ടി ഉദ്ദേശിക്കപ്പെട്ടുന്നതാണ്. 14 കൊല്ലത്തിനുശേഷം 1078നോടടുത്തു സി. വി. രാമൻപിള്ള "മാർത്താണ്ഡവർമ്മ" വിരചിച്ചു. അങ്ങനെ റൊമാൻറിക് പ്രസ്ഥാനം ഭാഷാസാഹിത്യത്തിൽ അവതരിപ്പിക്കപ്പെട്ടു. മാർത്താണ്ഡവർമ്മയിൽ സി. വി. രാമൻപിള്ളയ്ക്കു പററിയ രാഷ്ട്രീയമായ ചിന്താക്കുഴപ്പത്തെ പരിഹരിക്കുന്നതിനാണ് അദ്ദേഹം "ധർമ്മരാജാ"വും 'രാമരാജബഹദൂറും' പ്രസിദ്ധീകരിച്ചതു്. സി. വി. യ്ക്കുശേഷം രാഷ്ട്രീയ പാശ്ചാത്തലത്തിൽ പലരും പലതുമെഴുതി; "മലയാളരാജ്യം" അനുദിനപ്പത്രത്തിൽ ഗ്രന്ഥകർത്താവിന്റെ പേരുപോലും പറയാതെ പ്രസിദ്ധീകരിക്കപ്പെ


## നിങ്ങൾ വായിച്ചില്ലെങ്കിൽ

ഉടനെ വി. പി. അയയ്ക്കുവാനെഴുതുക.

| | | | | |
|---|---|---|---|---|
| 1. | പതിവ്രത (കഥകൾ) തകഴി | 1 | 4 | 0 |
| 2. | നെട്ടവീർപ്പുകൾ ( " ) ആർ. എസ്സ്. കുറുപ്പ് | 0 | 10 | 0 |
| 3. | നടി (നോവൽ) കേശവദേവ് | 2 | 8 | 0 |
| 4. | ചിത്രശാല (ഗദ്യകവിത) കേശവദേവ് | 1 | 0 | 0 |
| 5. | ശവപ്പെട്ടി (നാടകം) ഹരീന്ദ്രനാഥൻ | 0 | 10 | 0 |
| 6. | അച്ഛൻ (നാടകം) പൊററക്കാട്ട് | 1 | 0 | 0 |
| 7. | ആധുനിക റഷ്യ | 1 | 0 | 0 |
| 8. | അഞ്ചു ചീത്തകഥകൾ | 1 | 0 | 0 |

അരുണാബുക്ക്സ്റ്റാൾ ആലപ്പുഴ



അച്ചടിയിൽ

## വ പ്രേമകഥകൾ

ഗ്രന്ഥകർത്താ

വി. സി. ചാക്കോ എം. ഏ.

വില രൂപാ 1.

ഡി. സി. കമ്പനി കോട്ടയം

(4-ാം പേജിൽനിന്നു തുടർച്ച)

ഞാനിപ്പോഴും താൻ അവരെയൊക്കെ മറന്നിട്ടില്ലല്ലോ? അപ്പോൾ അവിടെയും അവകാശപ്പെടുവാനൊന്നുമില്ല!! മകൻ ഒരു പിതാവിന് ഒരു കളിപ്പാട്ടംമാത്രമാണോ? അമ്പോ! ആ ചിന്ത അയാളെ ഒരു ഭ്രാന്തനാക്കി.

ആർക്കും തമ്മിൽ ബന്ധമൊന്നുമില്ല. പരസ്പരം സഹായിക്കാൻ കഴിയുമ്പോൾ സ്നേഹിക്കയുംചെയ്യും. അല്ലാത്തപ്പോൾ? - - -? അയാൾ ജീവനെത്തന്നെ ഭയന്നു. ആരെയും വിശ്വാസമില്ല. ഉപയോഗമില്ലാത്തവയെ ലോകം വലിച്ചെറിയുകയാണു പതിവ്.

മാത്യൂസ് പഴയ ആളല്ല. അയാൾക്കും കോപവുംവെറുപ്പും ഉണ്ട്. കുട്ടികളെ ശകാരിക്കുന്നതിലും ഭാര്യയെ അനാവശ്യമായി കഷ്ടപ്പെടുത്തുന്നതിലും അയാൾക്ക് അസുഖമുണ്ട്. ആ മൗനത്തിൽ ശക്തിയായ പ്രതിഷേധം കാണാം. അവൻതന്നെ കബളിപ്പിച്ചു. ആ വൃദ്ധൻ പ്രതികാരസന്നദ്ധനായി അയാൾ കൂടുതൽകൂടുതൽ ശകാരിക്കയും കോപിക്കയും ചെയ്തു അവിടെ ആരും സമാധാനമായി ജീവിച്ചുകൂടാ.

വറീച്ചൻ നന്ന പറയും. എക്ഷണി ഉണ്ടാകും. അതിൻെറ ഫലമായുണ്ടാകുന്ന കലഹങ്ങൾ കണ്ട് മുഗ്ദ്ധിയമായി ആനന്ദിക്കും. പക്ഷെ കുറെ കഴിഞ്ഞപ്പോൾ അയാളെ ആരും വിശ്വസിക്കാതെയായി.

ഏലിക്കുട്ടിയെ അയാൾ ഒരു പിശാചിനെപ്പോലെ വെറുത്തു അവൾ തനിക്ക വിഷം തന്നു കൊല്ലുമെന്നു അയാൾ കൂടെക്കൂടെ പറയും അങ്ങനെ അയാൾ പൂച്ചയ്ക്കു കൊടുത്തു നോക്കിയിട്ടു എന്തെങ്കിലും കഴിക്കയുള്ളു എന്നായി

വറീച്ചൻെറ കഷ്ടപ്പാടുകൾ നാട്ടിൽ പരക്കെ അറിഞ്ഞു. ആ ഉടമ്പടി എല്ലാവരും ചേർന്നു ഒന്നു പുതുക്കുന്നതിനു സുഹൃത്തുക്കളിൽ ചിലർ ആലോചിച്ചു. തൻെറ പ്രവൃത്തിയിലെ തെറ്റു പ്രത്യക്ഷമായി സമ്മതിക്കാൻ ആ വൃദ്ധൻ തയ്യാറായില്ല ആ അവസരം ഉപയോഗപ്പെടുത്തി മാത്യൂസ് ഒഴിഞ്ഞുകളഞ്ഞു.

വറീച്ചൻെറ വിസമ്മതംമൂലം അതു നടന്നില്ലെന്നു ആളുകൾ വിശ്വസിച്ചു. ആ സംഭവം അയാളെ കൂടുതൽ വേദനിപ്പിച്ചു മററാരെക്കാളും അയാൾ അതാഗ്രഹിച്ചിരുന്നു എന്നു അയാൾക്കറിയാം. നശിച്ച ദുരഭിമാനം.സ്വാഭാവികമായി അതിനു അവസരം ലഭിച്ചിരുന്നെങ്കിൽ! അതു നൽകാതിരിക്കുന്നതിനു മാത്യൂസ് മനഃപൂർവം ശ്രമിച്ചെന്നു അയാൾക്കു തോന്നി.

താൻ ഒരിക്കൽ ചെയ്തതു മാററുവാനല്ലെന്നു വറീച്ചൻ കണ്ടവരോടൊക്കെ കയറിപ്പറഞ്ഞു.

iii

അന്നു ജോർജ്കുട്ടി വറീച്ചനെ കാണുവാൻ ചെന്നു. അടുത്തു ചെന്നുനിന്ന പുത്രനോട് അയാൾ ഒരക്ഷരംപോലും സംസാരിച്ചില്ല. സ്ഥൂലിച്ച ശരീരം നിരയിലേക്ക ചാരി ആ വൃദ്ധൻ കട്ടിലിൽ ചിന്താഗ്രസ്തനായി ഇരിക്കുകയാണ്. ജോർജ്കുട്ടി കുറേക്കൂടി അടുത്തുചെന്നു പിതാവിനെ വിളിച്ചു. അയാൾ അങ്ങോട്ടു തിരിഞ്ഞുനോക്കിയില്ല ആ കണ്ണുകൾ നിറയുന്നതും കവിൾത്തടം ആർദ്രമാകുന്നതും അയാൾ കണ്ടു.

അപ്പച്ചൻ അന്നൊന്നും കഴിച്ചിട്ടില്ലെന്നു ഏലിക്കുട്ടി അനുജനെ അറിയിച്ചു. പൂച്ച പുറത്തെങ്ങാൻ പോയാൽ അന്നു ഭക്ഷണമൊന്നും കഴിക്കാൻ സാധിക്കാത്തതു എന്തൊരു ദയനീയമായ അവസ്ഥയാണ്. ആ ദുശ്ശാഠ്യങ്ങളെപ്പററി അവർ വളരെയെല്ലാം അയാളോടു പറഞ്ഞു.

ജോർജ്കുട്ടി കണ്ണീരോടെ പിതാവിനെ തൻെറ വസതിയിലേക്ക ക്ഷണിച്ചു. ആ അഭിമാനിക്ക ആ രംഗം നേരിടുവാൻ കഴിഞ്ഞില്ല. അയാൾ നിഷേധരൂപത്തിൽകൈയുയർത്തിയിട്ടു കട്ടിലിൽ കമഴ്ന്നുകിടന്നു. ജോർജ്കുട്ടി മൂകനായി ഇറങ്ങിപ്പോയി.

വെയിലാറിയപ്പോൾ വറീച്ചൻ വടിയുമെടുത്തു മുററത്തേക്കിറങ്ങി. ആ മുഖത്തു നിശ്ചയദാർഢ്യവും പ്രസന്നതയും കളിയാടി. അയാൾ മന്ദംമന്ദം മുമ്പോട്ടു നടന്നു. പടികടക്കുവാൻ ശ്രമിച്ചപ്പോൾ ഏലിക്കുട്ടി അമ്പരപ്പോടെ ഓടിച്ചെന്നു. അയാൾ അതു കണ്ടതായി ഭാവിച്ചില്ല. തൻെറ ജീവിതത്തിലെ അതിപ്രധാനമായ ഒരു ഘട്ടത്തെ അഭിമുഖീകരിക്കുന്ന ഒരു ഭാവമായിരുന്നു അയാളുടേതു്.

"അയ്യോ അപ്പച്ചൻ എങ്ങോട്ടാ തനിച്ച്"

അവൾ അങ്ങനെ ചോദിച്ചുകൊണ്ടു ആ കൈകളിൽ കടന്നുപിടിച്ചു. അയാൾ അത്യന്തം നിന്ദാസൂചകമായി അവളെ നോക്കിയിട്ടു കൈകുടഞ്ഞു പറഞ്ഞു.

"നിനക്ക അറിയണോ. ഞാൻ പോകുന്നിടത്തേക്ക്. എൻെറ മകൻെറ അടുത്തേക്ക്"

അയാളുടെ മുഖത്തു് ഒരു കൃതകൃത്യത കളിയാടി.

# സിനിമാ

എസ്. ജി. എൻ.

## ടാഗോറിൻെറ നോവൽ

അത്ഭുതാവഹവും സന്തോഷകരമായ ഒരു വാർത്തയാണ്.—മഹാകവി ടാഗോറിൻെറ "നൗഭംഗം" (മലയാളത്തിൽ വിധിവിലാസം) സിനിമാ ചിത്രമാക്കാൻ ബോംബേ ടാക്കീസ് കമ്പനിക്കാർ ചെയ്ത നിശ്ചയം. രണ്ടു കാരണങ്ങൾ കൊണ്ടു ഈ സംഭവം പ്രധാനം അർഹിക്കുന്നു. ഒന്ന് സാധാരണക്കാരെ ആകർഷിക്കാൻ വേണ്ടി ജീവിതത്തോടു അടുപ്പമില്ലാത്ത അതിശയോക്തി ബഹുലങ്ങളായ കഥകളെടുത്തെടുത്തു ചലനചിത്രമാക്കിക്കൊണ്ടിരുന്ന ഒരു കമ്പനിക്കാരാണ് ബോംബെ ടാക്കീസുകാർ അച്ഛ്യുത്കന്യ്യ, നയാസംസാറിനു ശേഷം നമ്മെ ചിന്തിപ്പിക്കുന്നതോ നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നതോ ആയ ഒരൊററക്കഥയും അവർ നിർമ്മിച്ചിട്ടില്ല. കങ്കൻ, ബന്ധൻ; കാങ്ങൻ മുതലായ മധുരനാമങ്ങൾ വഹിക്കുന്ന ചിത്രങ്ങളെല്ലാം ജീവിതത്തിൻെറ പുറത്തുകൂടി ഒഴുകിപ്പോകുന്ന ചില രംഗങ്ങൾ മാത്രമാണ്. പക്ഷെ ഭാഗ്യദോഷം കൊണ്ടെന്നു പറയട്ടെ അവയിലും വിദഗ്ദ്ധരായ നടന്മാരുണ്ടായിരുന്നു, കേൾക്കാൻ രസമുള്ള ഗാനങ്ങളുണ്ടായിരുന്നു വികാരതരളത ഇളക്കിവിടുന്ന നൃത്തങ്ങളുണ്ടായിരുന്നു അങ്ങനെ ആ ചിത്രങ്ങളിൽ നിന്നെല്ലാം അവർക്കു വമ്പിച്ച ആദായവുംലഭിച്ചു. 1944-ൽ ഇന്ത്യയിൽ ഏററവും അധികം പ്രേക്ഷകരെ ആകർഷിച്ച ചിത്രം ഒരു പോക്കററടിക്കാരനെ ആദർശനായകനായി ഉയർത്തികാണിക്കുന്ന ഒരു ബോംബെ ടാക്കീസ് കഥയാണ്. (കിസ്മത്ത്) സംസ്ക്കാരസമ്പന്നമായ ഒരു കുടുംബത്തിൽ ജനിക്കുകയും വിദേശവിദ്യാഭ്യാസത്തിൻെറ ഗുണം നേരത്തെ ലഭിക്കുകയും വിശ്രുതനായ ഒരു കലാകാരനുമായി ബന്ധമുള്ള ബന്ധത്തിലേർപ്പെടുകയും ചെയ്ത ദേവികാറാണിയുടെ ഉടമസ്ഥതയിൽ നടത്തപ്പെടുന്ന ഒരു നിർമ്മാണശാലയെപ്പററി ഇതിൽ കവിഞ്ഞ പ്രതീക്ഷകൾ പൊതുജനങ്ങൾക്കുണ്ടായിരുന്നു. എന്നിട്ടും പാമരന്മാരുടെ പ്രീണനത്തിനുവേണ്ടി മൂന്നാം തരം ചിത്രങ്ങൾ നിർമ്മിക്കുന്നതിൽ മാത്രമാണു അവർ ശ്രദ്ധിച്ചതു്. അവരാണു ടാഗോറിൻെറ "റെക്ക്" (നൗഭംഗം) ചലനചിത്രത്തിലാക്കാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതു.

രണ്ടു വിശ്രുതരായ നോവലെഴുത്തുകാരുടെ കഥകളെ നമ്മുടെ ചലനചിത്രവ്യവസായികൾ ഇതുവരെയും വേണ്ടതുപോലെ ആദരിച്ചിട്ടില്ല. അ


## ഓറിയൻറ് സെൻട്രൽ ബാങ്ക് ലിമിററഡ്

### ഹെഡ് ആഫീസ് കോട്ടയം

ബ്രാഞ്ചുകൾ:—കോട്ടയം, പാലാ, പിറവം, ഈരാററുപേട്ട, കോതമംഗലം, കുമരകം, എരുമേലി.

### ഡയറക്ടറന്മാർ

1. മി. പി. കെ. കുരുവിള B. A. L. L. B. അഡ്വൊക്കേററ് കോട്ടയം (ചെയർമാൻ)
2. മി. ററി. ജേക്കബ് പുന്നൻ B. A. തേറത്താനത്തു് കോട്ടയം.
3. മി. ജോസ് കള്ളിവയലിൽ പ്ളാൻറർ പാലാ.
4. മി. കെ. ഐ. വർക്കി കരിമ്പനാൽ പ്ളാൻറർ, കാഞ്ഞിരപ്പള്ളി.
5. മി. കെ. ജെ. ചാണ്ടി കുടിപ്പറമ്പിൽ ലാൻറ ലോർഡ് വൈക്കം.
6. മി. ഇ. രാമൻമേനോൻ, പറയത്തു പറവൂർ.
7. മി. എം. സെയ്തുമുഹമ്മദു റാവുത്തർ മാത്തിൽ കാഞ്ഞിരപ്പള്ളി.
8. മി. ഹോർമിസ് തരകൻ, അയ്യനാട്ടുപാറയിൽ തെക്കാട്ടുശേരി.

എല്ലാവിധ ബാങ്കിടപാടുകളും വിശ്വസ്തമായ രീതിയിൽ ചെയ്തുകൊടുക്കപ്പെടും.

കെ. പി. മാത്യു എം. ഏ. എൽ. എൽ. ബി.
(മാനേജിംഗ് ഡയറക്ടർ)

കെ. സി. ജോസഫ് ബി. ഏ.
(സെക്രട്ടറി)

Reg. No.
T. 66.

# PRASANNAKERALAM

License No. 390
Dated 15-6-1939.

ത്ത ജർമ്മൻകാരിലേക്കായി. അയാൾ പരിഹാസമായി ഒന്നു ചിരിച്ചു. "അവർക്ക റഷ്യയെ നശിപ്പിക്കണംപോലും..... ഒരൊററ മനുഷ്യനെപ്പോലും ഭൂമുഖത്തുനിന്ന നശിപ്പിക്കുവാൻ കഴിവില്ലാത്തവിധം അവൻ സ്വസന്തതികളിലൂടെ ജീവിക്കുമ്പോൾ അവർക്ക് എങ്ങനെ റഷ്യയെ നശിപ്പിക്കാൻ സാധിക്കും?

കിഴക്കു പ്രഭാതം വന്ന് എത്തിനോക്കുകയായി—നനഞ്ഞു മൂടലണിഞ്ഞ ഒരു പ്രഭാതം. നിക്കൂലിൻെറ നാവികക്കുപ്പായത്തിൽ മഞ്ഞുതുള്ളികൾ പററിയിരുന്നു. അടുത്തുള്ള മരങ്ങളും, പുൽക്കൊടികളും ഒരു തോന്നൽ പോലെ മങ്ങിക്കാണപ്പെട്ടു. അവയ്ക്കും അപ്പുറത്ത് വട്ടമിട്ടിളകിയിരുന്ന മൂടൽ മഞ്ഞ് ഒരു കടലിലെ പോലെ ഓളമിളക്കി. മനോഹരമായ ആകാശത്തിൽ ഒരു ശോഭാവലയം ഉയർന്നുനിന്നിരുന്നു. പെട്ടെന്നു മഞ്ഞിനെപ്പിളർന്നുകൊണ്ടു അതിൽ നിന്ന ഒരു രശ്മി നേരെ നിക്കൂലിൻെറ കണ്ണിൽ പതിച്ചു. സൂര്യൻ ഉദിച്ചു. നിക്കൂലിൻ ചിരിച്ചുകൊണ്ട് ഉച്ചത്തിൽ പറഞ്ഞു.

"ഓഹൊ, ചങ്ങാതി, നീ വന്നു, അല്ലെ?"

പ്രകാശമായതറിഞ്ഞു മററു നാവികരുണർന്നു. മൂരി നിവർന്നുകൊണ്ട് അവർ വണ്ടിയുടെ വാതുക്കൽ വന്നുനിന്ന ഉച്ചത്തിൽ 'കേ..ാട്ടാ' വിട്ടു. ഒരു വിചിത്രമായ കുടിലും, വഴിയിൽ പച്ചക്കൊടി പിടിച്ചുകൊണ്ടു നില്ക്കുന്ന ഒരു പെൺകുട്ടിയും ദൃശ്യമായി. നാവികർ തൊപ്പി വീശിക്കൊണ്ട് അവളെ അഭിവാദ്യം ചെയ്തു. കയ്യിലിരിക്കുന്ന കൊടിയിളക്കി ഒന്നു ചിരിച്ചുകൊണ്ട് അവൾ അവരെയും സൽക്കരിച്ചു. വഴിയുടെ തിരിവായപ്പോൾ കുടിലും പെൺകുട്ടിയും മറഞ്ഞു. സ്മക്കാവ് അയാളുടെ കണ്ണു തിരുമ്മിക്കൊണ്ട് ക്രൈലോവിനെ ഏറെനേരം ശകാരിച്ചു. "വാസ്യാ, നിങ്ങൾഎന്തുചെയ്യുകയായിരുന്നു. നിങ്ങൾക്ക് ഒരു അഭിവാദനം നഷ്ടപ്പെട്ടല്ലൊ. സമയത്തു തീവണ്ടി നിറുത്താൻ നിങ്ങൾക്കു തോന്നാഞ്ഞതു കഷ്ടമായിപ്പോയി.

അമ്മാവനാണ് ഒടുവിൽ ഉണർന്നത്. അദ്ദേഹത്തിൻെറ പ്രായക്കാർക്കനുസൃതമായ രീതിയിൽ പെണ്ണുങ്ങളെയും മററു സുന്ദരവസ്തുക്കളെയും ആകാരമാത്രപ്രസക്തന പുച്ഛമായിരുന്നു. അവയെല്ലാം അദ്ദേഹത്തിൻെറ ശ്രദ്ധയിൽ പെടാൻ യോഗ്യതയില്ല.

"ഇപ്പോൾ ഇത്തിരി ചൂടുചായ കിട്ടിയിരുന്നെങ്കിൽ" അദ്ദേഹം ആശയോടെ പറഞ്ഞു. "കുഞ്ഞുങ്ങളെ നിങ്ങളുടെ സഞ്ചികൾ തുറക്കിൻ. കാപ്പിക്കു സമയമായി."

ഈ സമയത്ത് ഒരു സംഭവമുണ്ടായി. ഒരു വലിയ ശബ്ദത്തോടെ തീവണ്ടിനിന്നു. നിക്കൂലിൻ വാതിലിലൂടെ പുറത്തേക്കു നോക്കി.

'എന്താ അവിടെ' പാഞ്ഞുപോകുന്ന ഗാർഡിനോട് അയാൾ ചോദിച്ചു. "പാളം മുറിഞ്ഞുപോയെന്ന്"

ഒരു ചെറിയ വിടവുമാത്രം ഇട്ടുകൊണ്ട് വണ്ടിയുടെ വാതിലടച്ചു. അയാൾ കൂട്ടുകാരുടെ നേക്കു മുഖം തിരിച്ചപ്പോൾ ആ മുഖത്തുനിന്ന പറയാതെതന്നെ കാര്യമെല്ലാം മനസ്സിലായി.

"ജർമ്മൻകാരാണോ?" അമ്മാവൻ ചോദിച്ചു.

ഒരു വെടിയുടെ പൊട്ടൽ അദ്ദേഹത്തിന്ന മറുപടി നൽകി. അതേ, അതു ജർമ്മൻകാരായിരുന്നു. നിക്കൂലിൻ കതകിൻെറ വിടവിൽക്കൂടി നോക്കിയപ്പോൾ ജർമ്മൻകാർ ഉഗ്രമായി വെടിവെച്ചും, അലറിയും ഓടിപ്പോകുന്നതു കണ്ടു.

(തുടരും)

## ശോകാത്മകമായ ഗാനം

(പത്താംപേജിൽനിന്നു തുടർച്ച)

ബംഗളാവിനകത്തന്നെ അടുത്തുചെല്ലാൻ അവന്ന ഭയംതോന്നി. സായ്പന്മാരല്ലെ അവിടെ താമസിക്കുന്നത്. അവിടെയൊന്നും യാതൊരു നിഴലും കണ്ടെത്താൻ അവന്ന കഴിഞ്ഞില്ല.

നാസിർ മടങ്ങുകയായിരുന്നു നിരാശതയുടെ ഭാരം അവനെ നിരുത്സാഹനാക്കിയിരുന്നു. തോളിൽകിടന്നു കരഞ്ഞിരുന്ന കുഞ്ഞിൻെറ കരച്ചിൽ അവൻെറ ഹൃദയത്തെ അളിച്ചുംകൊണ്ടിരുന്നു.

വഴിക്കൊരുസാധനം അവൻെറ ദൃഷ്ടിയെ ആകർഷിച്ചു. അവൻ അമ്പരപ്പോടെ, ഉൾക്കിടക്കത്തോടെ സൂക്ഷിച്ചുനോക്കി.

തൻെറ ഭാര്യയുടെസാരി. അതും ചോരപുരണ്ട നിലയിൽ.

ആ ശോകാന്ധനിൽ ഒരൊററ ശബ്ദമ ഉയർന്നുള്ളു. 'അല്ലാഹ്' അവനും കുഞ്ഞും ഒന്നായി നിലംപതിച്ചു. അവൻ ബോധമില്ലാതെയും കുഞ്ഞുകരഞ്ഞുകൊണ്ടുംഅവിടെ കിടന്നു.

വൈകുന്നേരം ആ വഴിക്കു വന്ന ഒരു ചുമട്ടുകാരനാണ് അവനെ ഉണർത്തിയത്.

അവൻെറ തലക്കൊരു വലിയഭാരം. ചുററുപാടും ഇരുൾ നിറഞ്ഞതായി ഒരു തോന്നൽ. കുഞ്ഞിൻെറ ഓരോ കരച്ചിലും അവൻെറ ഹൃദയത്തിൽനിന്ന ഓരോ തീജ്വാല ഉയർത്തി. ലോകമൊട്ടാകെ അവൻെറനേരെ പല്ലിളിച്ചു അട്ടഹസിക്കുന്നതായി ഒരു തോന്നൽ.

അവൻെറ ദുഃഖാവസ്ഥകണ്ടു സഹിക്കാഞ്ഞിട്ടാവാം പർവ്വതനിരകൾ ഹിമപ്പുടവകൾകൊണ്ടുമുഖംമറച്ചു നിന്നു. ശീതക്കാററു ആ ദുഃഖിതനെ തലോടി തൻെറ അനുശോചനം അറിയിച്ചു. തൻെറ മരക്കുടിലിൽനിന്ന ഏകാന്തതതന്നെ മാടിവിളിക്കുന്നതായി അവന്ന തോന്നി.

രക്തംപുരണ്ട ആ സാരി ഒരു കയ്യിലും തൻെറ കുഞ്ഞിനെ മറെറ കയ്യിലുമെടുത്ത് അവൻ നടന്നു. എങ്ങോട്ടെന്നില്ലാതെ എന്തിനെന്നില്ലാതെ.

വടക്കെ ഇൻഡ്യ മുഴുവൻ അവൻ സഞ്ചരിച്ചു. മാതാവില്ലാത്ത ആ കുഞ്ഞ് ഒരുമാസത്തിന്നകം ശാശ്വതസുഖം പ്രാപിച്ചുകഴിഞ്ഞു. കൽക്കത്താ നഗരത്തിൽവെച്ചു അതു മരിച്ചു. കുറച്ചുകാലം നാസീർ തനിഭ്രാന്തനെപ്പോലെ പലേടങ്ങളിലുംഅലഞ്ഞുതിരിഞ്ഞു.

പിന്നീടാണ് ഇവിടെ എത്തിച്ചേർന്നത്. അതും പന്ത്രണ്ടു വർഷംമുമ്പ്. ഇവിടെ സ്ഥിരതാമസമാക്കാൻ കാരണമെന്തെന്നു ആരും അന്വേഷിച്ചിട്ടില്ല.

നിത്യവും അവൻ ഉണരുന്ന സമയം ഒരു പാൽക്കാരി ആ വഴിക്കു വരാറുണ്ട്, അവൾ കാശ്മീരിയെനോക്കിപുഞ്ചിരിയിടും. അയാൾ അങ്ങോട്ടും. അവൾ കണ്ണിൽനിന്ന മറയുന്നതുവരെ അയാൾ അവളെ നോക്കിനിൽക്കും. ദിവസത്തിൽ അയാളെ ഏററവും പ്രസന്നവദനനായി കാണുന്ന സമയം അതാണ്.

പാൽക്കാരിക്കു തൻെറ ഭാര്യയുടെ തികഞ്ഞ ഛായയുണ്ടെന്നു അയാൾ പലരോടും പറഞ്ഞിട്ടുണ്ട്.

പകൽ ചില മരുന്നുകളും കല്ലുകളുംമററും വിററുനടക്കും. രാത്രിയായാൽ മമ്മൂട്ടിയുടെ പീടികക്കോലായിയാണ് മൂപ്പക്കശരണം. തൻെറ കരിമ്പടവും ഭാണ്ഡവുമെല്ലാം അവിടെ വിരിച്ച് ഒരു ചെറിയ ഹുക്കയും പുകച്ച് മുട്ടുംകൈ ഭാണ്ഡത്തിന്മേലൂന്നി മറെറ കൈകൊണ്ട് താടിയും തടവിക്കൊണ്ട് ചിന്തയിലാണ്ടപോലെ കുറേനേരം ഇരിക്കും. ദിനചര്യയിലെ അവസാനത്തെ ഇനമാണു ആ ഗാനാലാപനം.

"ഗുസർഗയാ ഒസമാനാ കൈസാ"

കാശ്മീരിലെ പർവ്വതനിരകളിലും ഡാൽതടാകത്തിൻെറ തീരത്തിലും ആ ഗാനം മാറെറാലിക്കൊള്ളുന്നുണ്ടായിരിക്കാം. ശോകാത്മകമായ ആ ഗാനം ആലപിക്കുന്ന ഗായകൻെറ ചിന്തകൾ ചിറകണിഞ്ഞു അവിടങ്ങളിൽ പറന്നുകളിക്കുന്നുണ്ടാവാം.

FOR SALE.

Timber–In logs & Scantilings
Furniture–Durable & Up-to-date fashion
Sanittary–All kinds of Sanittary materials

THE KOTTAYAM TIMBER WORKS
M. L. Road, Kottayam.

ഡീലേഴ്സ് ബാങ്ക്

കോട്ടയം

.... സ്വർണ്ണം അംഗീകൃതങ്ങളായ കച്ചവടച്ചരക്കുകൾ മുതലായവയുടെഈടിന്മേൽ പണംകടംകൊടുക്കുക, ഫിക്സഡ് കറൻറ്, സേവിങ്ങ്സ് ഡിപ്പോസിററുകൾ സ്വീകരിക്കുക, മുതലായ എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും മിതമായ നിരക്കിൽ നടത്തപ്പെടുന്നതാണ്.

V. C. Lukose
Vetteel
Sole Proprietor

കൊല്ലത്ത്

പ്രസന്നകേരളത്തിന്ന സമർത്ഥനായ ഒരു ഏജൻറിനെ ആവശ്യമുണ്ട്. വ്യവസ്ഥകൾക്ക് എഴുതുക.

മാനേജർ

Printed at the Powra Dhwany Press, Published by Anjiliparampil Kumaran at Kottayam.